**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2282** **21-01-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ ദുരന്തനിവാരണ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | 2016 മേയ് മാസത്തിന് ശേഷം ഓരോ വർഷവും ദേശീയ ദുരന്തനിവാരണ ഫണ്ടിൽ നിന്നും സംസ്ഥാനത്തിന് എത്ര തുകയാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) | 2016-2017 സാമ്പത്തിക വർഷം മുതൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും കേന്ദ്ര വിഹിതമായി അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. സാമ്പത്തിക വർഷം ദേശീയ ദുരന്ത നിവാരണനിധിയിൽ നിന്നും ലഭിച്ച തുക (കോടിയിൽ) 2016-2017 145.50 2017-2018 153.00 2018-2019 192.60 2019-2020 136.65 2020-2021 157.00 കൂടാതെ 2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപയും 2017-ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപയും 2018-ലെ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപയും പ്രത്യേക ധനസഹായമായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ എസ്.ഡി.ആർ.എഫിൽ നിന്നും ഈ സർക്കാരിന്റെ കാലയളവിൽ ഇതിനകം എന്ത് തുക ചിലവഴിച്ചു. നിലവിൽ പ്രസ്തുത അക്കൗണ്ടിൽ എന്ത് തുക മിച്ചമുണ്ട്? | (ബി) | 2016-2017 സാമ്പത്തിക വർഷം 152.30 കോടി രൂപയും 2017-2018 സാമ്പത്തിക വർഷം 199.52 കോടി രൂപയും 2018-2019 സാമ്പത്തിക വർഷത്തിൽ 1321.81 കോടി രൂപയും 2019-2020 സാമ്പത്തിക വർഷത്തിൽ 1814.71 കോടി രൂപയും , നടപ്പ് സാമ്പത്തിക വർഷം (19.01.2021 വരെ) 356.63 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 394.88 കോടി രൂപ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ